## പതിന്നാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *243 — 06.10.2016 -ൽ മറുപടിക്ക്

### സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.രാജൻ<br>ശ്രീ.സി.ദിവാകരൻ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.ഇ.ടി.ടൈസൺ മാസ്റ്റർ | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതി നിലവിലുണ്ടോ; വ്യക്തമാക്കുമോ;<br><br>(ബി) എന്തൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഒരു വില്ലേജ് ഓഫീസിനെ 'സ്മാർട്ട്' ആയി പ്രഖ്യാപിക്കുന്നത്; നിലവിൽ എത്ര സ്മാർട്ട് വില്ലേജ് ഓഫീസുകളുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) ഉണ്ട്. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ഓഫീസ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്ത്, എവിടെവെച്ചും (Any time Anywhere) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. അപ്രകാരം ഇ-ഗവേണൻസ്, എം.ഗവേണൻസ് എന്നിവയുടെ സഹായത്തോടെ ജനങ്ങൾക്ക് വേഗത്തിൽ സേവനങ്ങൾ ലഭ്യമാക്കുന്ന തരത്തിൽ വില്ലേജാഫീസിനെ സജ്ജീകരിക്കുന്ന വിധത്തിലാക്കുമ്പോഴാണ് ഒരു വില്ലേജാഫീസിനെ സ്മാർട്ട് ആയി പ്രഖ്യാപിക്കുന്നത്. 2013-14,2014-15,2015-16 സാമ്പത്തിക വർഷങ്ങളിൽ ഒന്ന്, രണ്ട്,മൂന്ന് ഘട്ടങ്ങളിലായി ആകെ 34 വില്ലേജുകൾ സ്മാർട്ട് വില്ലേജ് മാതൃകയിലാക്കാനായി നിർമ്മാണത്തിനായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ 26 വില്ലേജുകളുടെ പണി പൂർത്തിയായിട്ടുണ്ട്. 8 വില്ലേജുകളുടെ പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| (സി) വില്ലേജ് ഓഫീസുകളിലെ ജോലി ഭാരം ലഘൂകരിക്കുന്നതിന് സാങ്കേതിക വിദ്യയുടെ സ്ഹായം ഉപയോഗപ്പെടുത്തുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ? | (സി) വില്ലേജ് ഓഫീസ് ഉൾപ്പെടെയുള്ള റവന്യൂ ഓഫീസുകളിലെ ജോലിഭാരം ലഘൂകരിക്കുന്നതിന് വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ താഴെപ്പറയുന്ന ഇ ഗവേണൻസ് പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.<br>➢ ഇ-ഡിസ്ട്രിക്റ്റ്<br>➢ സംയോജിത ഓൺലൈൻ പോക്കുവരവ് (റെലിസ്)<br>➢ ഇ-പെയ്മെന്റ് സിസ്റ്റം<br>➢ ആർ.ആർ.ഓൺലൈൻ |

സെക്ഷൻ ഓഫീസർ